# പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.6774 — 04.04.2018 -ൽ മറുപടിക്ക്

## കാസർഗോഡ് ജില്ലയിലെ ഗ്രൂപ്പ് വില്ലേജുകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ.കെ.കുഞ്ഞിരാമൻ : | | ശ്രീ.ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ്മന്ത്രി) |
| (എ) | കാസർഗോഡ് ജില്ലയിൽ ഏതൊക്കെ താലൂക്കുകളിലെ വില്ലേജുകളാണ് ഗ്രൂപ്പ് വില്ലേജുകളായി ഇപ്പോഴും പ്രവർത്തിക്കുന്നത്; വിശദാംശങ്ങൾ അറിയിക്കാമോ; | (എ) | കാസർഗോഡ് ജില്ലയിലെ നാല് താലൂക്കുകളിലായി മൊത്തം 29 ഗ്രൂപ്പ് വില്ലേജുകൾ പ്രവർത്തിച്ചുവരുന്നു. ആയതിന്റെ വിവരം ചുവടെ ചേർക്കുന്നു.<br>കാസർഗോഡ് താലൂക്ക് - 10 ഗ്രൂപ്പ് വില്ലേജുകൾ<br>ഹോസ്ദുർഗ്ഗ് താലൂക്ക് - 3 ഗ്രൂപ്പ് വില്ലേജുകൾ<br>മഞ്ചേശ്വരം താലൂക്ക് - 15 ഗ്രൂപ്പ് വില്ലേജുകൾ<br>വെള്ളരിക്കുണ്ട് താലൂക്ക് - 1 ഗ്രൂപ്പ് വില്ലേജ് |
| (ബി) | ഈ വില്ലേജുകളിൽ വിവിധ ആവശ്യങ്ങൾക്കായി പോകുന്നവർക്ക് അപേക്ഷകരുടെ എണ്ണക്കൂടുതൽ കാരണം ലഭിക്കുന്ന സേവനങ്ങൾക്ക് കാലതാമസവും ബുദ്ധിമുട്ടും ഉണ്ടാകുന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) | ഇത് പരിഹരിക്കുന്നതിനായി പ്രസ്തുത വില്ലേജുകളെ വിഭജിക്കുന്നതിന് തുടർനടപടികൾ എന്തെങ്കിലും സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ? | (സി) | സംസ്ഥാനത്തെ വില്ലേജുകളിലെ വർദ്ധിച്ച ജനസംഖ്യയും ഭൂപ്രകൃതിയും പരിഗണിച്ച് അടിയന്തിര പ്രാധാന്യം നൽകി വിഭജന നടപടികൾ തുടർന്നുവന്നിരുന്നു. എന്നാൽ സംസ്ഥാനത്തിന്റെ നിലവിലെ സാമ്പത്തികസ്ഥിതി കണക്കിലെടുത്ത് വില്ലേജ് വിഭജനം ഇപ്പോൾ സർക്കാർ പരിഗണനയിലില്ല. പുതിയ വില്ലേജുകളുടെ രൂപീകരണം സംബന്ധിച്ച വിഷയം ഗ്രൂപ്പ് വില്ലേജുകളുടെ വിഭജനവുമായി ബന്ധപ്പെട്ട നടപടികൾ സ്വീകരിക്കുന്ന സമയത്ത് പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ